➪ കാടിന്റെ ആരോഗ്യത്തിന്റെ സൂചകങ്ങളാണ് കടുവകൾ ➪

**ജൈവസമ്പന്നമായ** ഒരു വനമേഖലയിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത മാരക ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ് ഓരോ വർഷവും ശബരിമല. പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ഏറെ ചർച്ചകൾ നടക്കുന്ന സമൂഹമായിരുന്നിട്ടും പെരിയാർ കടുവാ സങ്കേതത്തിന്റെ ഉള്ളിലേക്ക് ജനകോടികൾ ഇരച്ചെത്തുന്ന ശബരിമല തീർത്ഥാടനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ വിരളമാണ്. ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പോലും അവഗണിച്ച ഈ വിഷയം പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ചും ജൈവസമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനെക്കുറിച്ചും ചിന്തിക്കുന്നവർക്ക് അവഗണിക്കാൻ കഴിയാത്ത ഒന്നാണ്. ഒരിക്കലും നഷ്ടപ്പെടുത്താൻ പാടില്ലാത്തതാണ് വനത്തിന്റെ സ്വാഭാവിക സ്വച്ഛത എന്നതിനാലാണ് സംരക്ഷിത വനപ്രദേശങ്ങൾ പുറം ഇടപെടലുകളെയെല്ലാം ഒഴിവാക്കി പ്രത്യേകമായി സംരക്ഷിച്ചുപോരുന്നത്. കടുവാ സങ്കേതങ്ങളും ദേ

# ശബരിമല പശ്ചിമഘട്ടത്തെ പ്ലാസ്റ്റിക് മലയാക്കി മാറ്റുന്നു

പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ഏറെ ചർച്ചകൾ നടക്കുന്ന സമൂഹമായിരുന്നിട്ടും പെരിയാർ കടുവാ സങ്കേതത്തിന്റെ ഉള്ളിലേക്ക് ജനകോടികൾ ഇരച്ചെത്തുന്ന ശബരിമല തീർത്ഥാടനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ വിരളമാണ്. ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പോലും അവഗണിച്ച ഈ വിഷയം പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ചിന്തിക്കുന്നവർക്ക് അവഗണിക്കാൻ കഴിയാത്ത ഒന്നാണ്.

**സി.എം. മനോജ്**

ശീയോദ്യാനങ്ങളും വന്യജീവി സാങ്ചറികളുമെല്ലാം ഈ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളതും വലിയ സന്നാഹങ്ങളോടെ സംരക്ഷിച്ചുപോരുന്നതും. കടുവകളുടെ സംരക്ഷണത്തിനായി രൂപീകൃതമായ സങ്കൽപ്പമായ കടുവാ സങ്കേതങ്ങൾ സംരക്ഷിത പ്രദേശങ്ങളുടെ കൂട്ടത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നവയാണ്. കാടിന്റെ ആരോഗ്യത്തിന്റെ സൂചകങ്ങളാണ് കടുവകൾ. ലോകത്തിലെ കടുവകളുടെ എഴുപത് ശതമാനവും കാണപ്പെടുന്ന ഇന്ത്യയിൽ അതിനാൽത്തന്നെ കടുവാസങ്കേതങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. വനാശ്രിതരായ ആദിവാസി സമൂഹങ്ങളെ പരമ്പരാഗത ആവാസവ്യവസ്ഥകളിൽ നിന്നും പിഴുതെടുത്തുകൊണ്ട് പോലും കടുവാ സങ്കേതങ്ങൾ സംരക്ഷിതപ്രദേശങ്ങളായി നിലനിർത്തിയിട്ടുണ്ട്. (ഇത് ഏറെ വിമർശനങ്ങൾക്കും വഴിവച്ചിട്ടുണ്ട്).

ഇന്ത്യയിലെ 48 കടുവാ സങ്കേതങ്ങളിൽ വച്ച് വളരെ പ്രാധാന്യമുള്ള ഒന്നാണ് 925 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പെരിയാർ കടുവാ സങ്കേതം. വംശനാശഭീഷണി നേരിടുന്നതും തദ്ദേശീയവുമായ ഒട്ടേറെ സസ്യജന്തു ജാലങ്ങളുടെ കലവറയായ പെരിയാർ കടുവാ സങ്കേതത്തിന്റെ ക്രട്ടിക്കൽ ഹാബിറ്റാറ്റിന്റെ കോർ ഏരിയയിലാണ് ശബരിമല എന്ന തീർത്ഥാടന ടൂറിസ നഗരം വളർന്നുകൊണ്ടിരിക്കുന്നത് എന്നതാണ് വിരോധാഭാസം. പെരിയാർ കടുവാ സങ്കേതത്തിന്റെയും പശ്ചിമഘട്ടത്തിന്റെയും ജൈവപ്രാധാന്യം


ശബരിമല സീസൺ തുടങ്ങിയതോടെ പമ്പയിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ

കണക്കിലെടുത്ത് ശബരിമല തീർത്ഥാടനം ഒരു പാരിസ്ഥിതിക ദുരന്തമായി തീരാതിരിക്കാനുള്ള ഒട്ടേറെ നടപടികൾ വനം വകുപ്പിന്റെയും ചില പരിസ്ഥിതി ഗ്രൂപ്പുകളുടെയും ശ്രമഫലമായുണ്ടായെങ്കിലും അതിനെയെല്ലാം പരാജയപ്പെടുത്തുന്ന തരത്തിലുള്ള നയസമീപനങ്ങളാണ് തീർത്ഥാടന ടൂറിസത്തിന്റെ വരുമാനത്തിൽ മാത്രം കണ്ണുവച്ചിരിക്കുന്ന ദേവസ്വം ബോർഡ് അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ ആവർത്തിക്കുന്നത്. പ്രതിവർഷം തീർത്ഥാടകരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആളുകളുടെ എണ്ണം നിയന്ത്രിക്കുന്ന തരത്തിലുള്ള പുനർചിന്തകൾ മാത്രമാണ് ശാശ്വത പരിഹാരമായി ശബരിമലയ്ക്ക് മുന്നിലുള്ളത്. അതല്ലാതെയുള്ള ഏതു ശ്രമവും പരാജയപ്പെടും എന്നതിന് തെളിവാണ് ഈ സീസണിൽ നടത്തിയ ബോധവത്കരണ-മലിനീകരണ നിയന്ത്രണ ശ്രമങ്ങളുടെ പരാജയം. കോളീഫോം ബാക്ടീരിയയുടെ കലവറയായി മാറിയ പമ്പ ഇനിയുമൊരു ആക്ഷൻ പ്ലാനിന് ബാക്കിയുണ്ടാകുമോ എന്ന് സംശയം ജനിപ്പിക്കുന്ന തരത്തിൽ മരണക്കിടക്കയിലാണ്. ശബരിമല ടൗൺഷിപ്പിന്റെ വികസനത്തിനായി ഇനിയും വനഭൂമി വിട്ടുകിട്ടുമോ എന്ന ആലോചനയിലാണ് ദേവസ്വം ബോർഡ്. ഹൈന്ദവവാദികളുടെയും ഭൗതികവാദികളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ശബരിമലയിലെ പാരിസ്ഥിതിക വിനാശത്തെക്കുറിച്ച് മറിച്ചൊരഭിപ്രായമില്ല.

**ഈ വർഷം സംഭവിച്ചത്**

ശബരിമല തീർത്ഥാടനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹൈക്കോടതിയുടെ ഭാഗത്ത് നിന്നും ശ്രദ്ധേയമായ ഇടപെടലുകളുണ്ടായി എന്നതാണ് ഈ സീസണിലെ പ്രത്യേകത. എന്നാൽ അതിനെയൊന്നും ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയാത്തവിധം ഭക്തജന പ്രവാഹം പ്രളയ സമാനമായിരുന്നു. ആന്ധ്രയിലും കർണ്ണാടകയിലുമെല്ലാം ശബരിമല ട്രിപ്പ് നടത്തിക്കൊടുക്കുന്ന ടൂർ ഓപ്പറേറ്റേഴ്സ് വ്യാപകമായതോടെ പമ്പയിലേക്കുള്ള പാതകളെല്ലാം നിറഞ്ഞുകവിഞ്ഞു. 2011ലെ മകരവിളക്കിന് പിറ്റേന്ന് തിക്കിലും തിരക്കിലും പെട്ട് 104 മനുഷ്യജീവനുകൾ പൊലിഞ്ഞുപോയ പുല്ലുമേട് ദുരന്തമെല്ലാം കേരളം മറന്നുകഴിഞ്ഞു. (അല്ലെങ്കിലും അയൽ സംസ്ഥാനക്കാർ മാത്രം മരിച്ച ഒരു ദുരന്തത്തിൽ അത്രവലിയ ഖേദം അന്നേ കേരളക്കരയിലുണ്ടായിരുന്നില്ല). ശബരിമലയിലെ തിരക്ക് എങ്ങനെ നിയന്ത്രിക്കണെമെന്ന ആലോചനകൾക്ക് തുടക്കമിടാൻ പോലും പുല്ലുമേട്ടിൽ മരിച്ചുവീണ 104 ഭക്തന്മാർ ഒരു കാരണമായിത്തീർന്നില്ല എന്നതാണ് ദുരവസ്ഥ. കാണിക്കയിൽ വീഴുന്ന കാശ് ആരെയൊക്കെയോ നിശബ്ദമാക്കുന്നുണ്ട്. അവരാണ് കുറച്ചു കാടുകൂടി വിട്ടുകിട്ടിയാൽ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന അസംബന്ധത്തിന്റെ വക്താക്കളായി അവതരിച്ചിരിക്കുന്നത്.

ശബരിമലയിൽ മാലിന്യം വലിച്ചെറിയുന്നവർ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് ശിക്ഷാർഹരാണെന്നാണ് ഹൈക്കോടതി നിരീക്ഷിച്ചത്. ശബരിമല, പമ്പ, കാനനപാത എന്നിവിടങ്ങളിൽ ഭക്തർ ചപ്പുചവറുകളും പ്ലാസ്റ്റിക്കുകളുമടക്കമുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ ശക്തമായ നടപടികളുണ്ടാകണമെന്ന് ജസ്റ്റിസുമാരായ തോട്ടത്തിൽ ബി. രാധാകൃഷ്ണനും അനു ശിവരാമനുമടങ്ങിയ ഡിവിഷൻബെഞ്ച് ആവശ്യപ്പെട്ടു. വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള ശിക്ഷ ഇവർക്ക് ബാധകമാണെന്നാണ് കോടതി നിരീക്ഷിച്ചത്. കുറ്റം തെളിയിക്കപ്പെട്ടാൽ മൂന്ന് വർഷം തടവും 25000 രൂപ പിഴയും ഈടാക്കാൻ വകുപ്പുള്ളതാണ് ഈ നിയമം. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ശബരിമലയിൽ ഭരണകാര്യങ്ങൾ നിർവഹിക്കുന്ന ക്ഷേത്രം അധികാരികൾ, സർക്കാർ ഉദ്യോഗസ്ഥർ, പൊലീസ് എന്നിവർക്ക് തടയാൻ ബാധ്യതയുണ്ടെന്നും കോടതി പറഞ്ഞു. പെരിയാർ കടുവാ സങ്കേതത്തിനുള്ളിൽ വൻതോ

തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭക്തർ നിക്ഷേപിക്കുന്നുണ്ടെന്നും ഇത് വന്യമൃഗങ്ങൾക്കും പ്രകൃതിക്കും ദോഷകരമായി മാറുന്നുണ്ടെന്നും ശബരിമല ഉൾപ്പെടുന്ന പെരിയാർ കടുവാ സങ്കേതത്തിന്റെ പെരിയാർ വെസ്റ്റ് ഡിവിഷൻ ഓഫീസർ കോടതിയെ അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് കോടതി നടപടി ആവശ്യപ്പെട്ടത്. കോടതി ഇടപെടലുണ്ടായതോടെ സർക്കാർ സംവിധാനങ്ങളെല്ലാം ഉറക്കമുണർന്നു. ഗ്രീൻ മിഷൻ ശബരിമല എന്ന പേരിൽ ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള പരിപാടി ആരംഭിച്ചു. പമ്പയിൽ തുണി വലിച്ചെറിയുന്നതും പമ്പ മലിനമാകുന്നതും തടയുക, പ്ലാസ്റ്റിക് ഉപയോഗം കുറക്കുക, മാലിന്യ ശേഖരണികളിൽ മാത്രം മാലിന്യം നിക്ഷേപിക്കുക, ജൈവ-അജൈവ മാലിന്യം പ്രത്യേകം വേർതിരിച്ചെടുക്കുക തുടങ്ങിയ പദ്ധതികളാണ് മിഷൻ ഗ്രീൻ ശബരിമലയിൽ ആസൂത്രണം ചെയ്തത്. ബോധവത്കരണമായിരുന്നു പരിപാടിയുടെ മുഖ്യ ഉദ്ദേശം. അയ്യപ്പന്മാർ വരുന്ന വഴികളെല്ലാം പ്ലാസ്റ്റിക് ഒഴിവാക്കേണ്ടുന്നതിന്റെ സന്ദേശം പതിപ്പിക്കുക എന്നതാണ് പ്രധാന ആക്ഷൻ പ്ലാൻ. ഹൈദരാബാദ് മുതൽ ചെങ്ങന്നൂർ വരെയുള്ള പ്രധാന ശബരിമല റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലുമെല്ലാം സന്ദേശങ്ങൾ പതിക്കപ്പെട്ടു. പമ്പയിൽ വസ്ത്രമുൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഗ്രീൻ ഗാർഡുകൾ പ്രവർത്തനം നടത്തി. പമ്പയെ മലിനപ്പെടുത്തരുതെന്ന സന്ദേശമടങ്ങിയ പ്ലക്കാർഡ് ജില്ലാ കളക്ടർ എസ്. ഹരികിഷോറിന് നൽകി രമേശ് ചെന്നിത്തല, വി.എസ്. ശിവകുമാർ, അടൂർ പ്രകാശ് എന്നീ മൂന്ന് മന്ത്രിമാർ ചേർന്നാണ് ഈ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചത്. മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും ഗ്രീൻ ഗാർഡുകൾ പ്രവർത്തിച്ചു. പമ്പ പുണ്യനദിയാണെന്നും വസ്ത്രം ഉൾപ്പെടെയുള്ള മാലിന്യം ഉപേക്ഷിക്കുന്നത് ആചാരവിരുദ്ധമാണെന്നും സന്ദേശമടങ്ങിയ പ്ലക്കാർഡുകൾ ആറ് ഭാഷകളിൽ തയ്യാറാക്കി ഉറപ്പിച്ചു. പമ്പാനദിയിൽ മലിനമായ തുണി നിക്ഷേപിച്ച 10 പേരെ പമ്പ പോലീസിന്റെ സഹായത്തോടെ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ പിടികൂടുകയുണ്ടായി. എന്തായാലും ഇക്കാര്യത്തിൽ മാത്രമാണ് അൽപ്പമെങ്കിലും ഫലമുണ്ടായത്. പമ്പയിൽ ഭക്തന്മാർ വസ്ത്രം ഉപേക്ഷിച്ചുപോകുന്നത് തടയാൻ വലിയ പരിശ്രമത്തിലൂടെ ഏറെക്കുറെക്കഴിഞ്ഞു. വർഷാവർഷങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വസ്ത്രങ്ങൾ ശേഖരിച്ച് ലേലം ചെയ്യുന്നതിലൂടെ മാത്രം ദേവസ്വം ബോർഡിന് വലിയൊരു തുക വരുമാനമായി ലഭിക്കുന്നുണ്ടായിരുന്നു.

പമ്പ മലിനപ്പെട്ടാലും അതും കാശാക്കി മാറ്റാം എന്നു ചിന്തിച്ചിരുന്ന ക്ഷേത്രം ഭാരവാഹികൾ, കർശനമായ ഇടപെടൽ കോടതിയുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഭാഗത്ത് നിന്നുമുണ്ടായതോടെ മര്യാദക്കാരായി മാറി. അതിന് ഫലവുമുണ്ടായി. പമ്പ മലിനപ്പെടുത്തുന്നവർക്കെതിരെ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് നിയമനടപടി സ്വീകരിക്കണമെന്നായിരുന്നു കോടതി പറഞ്ഞത്. കുറച്ച് ഭക്തന്മാർ ആദ്യ ദിവസങ്ങളിൽ പിടിക്കപ്പെട്ടെങ്കിലും അവർക്കെതിരെ നിയമനടപടിയൊന്നും എടുക്കുകയുണ്ടായില്ല. പോലീസ് അവരെ പിടികൂടിയതിനെതിരെ പ്രതിഷേധവുമുണ്ടായി. പിന്നീട് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷനായി മാറിയ അയ്യപ്പസേവാ സമാജം രക്ഷാധികാരി കുമ്മനം രാജശേഖരൻ ഉൾപ്പെടെയുള്ളവർ പ്രതിഷേധവുമായി രംഗത്തെത്തുകയുണ്ടായി. വ്രതം നോറ്റ് ദർശനത്തിന് വരുന്നവരെ കസ്റ്റഡിയിൽ എടുക്കുന്നത് അനുവദിക്കാനാവില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി നടന്ന സമരങ്ങളിൽ മുൻനിരയിലുണ്ടായിരുന്ന കുമ്മനം രാജശേഖരന് ശബരിമല പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട വിഷയമേയല്ല.

ഗ്രീൻ ശബരിമല മിഷന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് നിന്നും ദിനംപ്രതി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പാണ്ടിതാവളത്തിലുള്ള മാലിന്യനിർമ്മാർജന പ്ലാൻറിന് സമീപത്തായി കുന്നുകൂടികിടക്കുന്ന സ്ഥിതിയാണുള്ളത്. ഇത്രയധികം പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സന്നിധാ

> ഗ്രീൻ ശബരിമല മിഷന്റെ ഭാഗമായി ശബരിമല സന്നിധാനത്ത് നിന്നും ദിനംപ്രതി ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പാണ്ടിതാവളത്തിലുള്ള മാലിന്യനിർമ്മാർജന പ്ലാൻറിന് സമീപത്തായി കുന്നുകൂടികിടക്കുന്ന സ്ഥിതിയാണുള്ളത്. ഇത്രയധികം പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സന്നിധാനത്തില്ല. തിരക്കുള്ള ദിവസങ്ങളിൽ ശരാശരി 20മുതൽ 25വരെ ടൺ മാലിന്യമാണ് സന്നിധാനത്ത് എത്തുന്നതെന്നാണ് കണക്കുകൂട്ടൽ



2014ൽ വലിയാനവട്ടത്ത് കണ്ടെത്തിയ പ്ലാസ്റ്റിക് കഴിച്ച് ചരിഞ്ഞ ആനയുടെ ജഡം.



പൂങ്കാവനത്ത് കണ്ടെത്തിയ മ്ലാവിന്റെ ജഡം പോസ്റ്റ്മോർട്ടം ചെയ്ത് പ്ലാസ്റ്റിക് പുറത്തെടുക്കുന്നു.

നത്തില്ല. തിരക്കുള്ള ദിവസങ്ങളിൽ ശരാശരി 20മുതൽ 25വരെ ടൺ മാലിന്യമാണ് സന്നിധാനത്ത് എത്തുന്നതെന്നാണ് കണക്കുകൂട്ടൽ. ഇതിൽ രണ്ട് ടൺവരെ പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. സന്നിധാനത്ത് പ്ലാസ്റ്റിക് പൊടിക്കുന്നതിനുള്ള ഒരുപ്ലാന്റ് ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ലേലം ചെയ്ത് ഈ മാലിന്യങ്ങൾ ഇവിടെ നിന്നും മാറ്റുക എന്നതു മാത്രമാണ് ഇനി ദേവസ്വം ബോർഡിന് മുന്നിലുള്ള പോംവഴി. മിഷൻ ഗ്രീനിന്റെ ഭാഗമായി ശേഖരിക്കാൻ കഴിഞ്ഞ മാലിന്യങ്ങളുടെ കണക്ക് മാത്രമാണിത്. കൊടും കാട്ടിനുള്ളിൽ എത്രയോ തോതിൽ മാലിന്യങ്ങൾ ഇനിയും ശേഖരിക്കപ്പെടാതെ കിടപ്പുണ്ട്. അവ ഒരു കണക്കിലും ഒരിക്കലും വരുന്നതേയില്ല.

**മ്ലാവ് ചത്ത സംഭവം**

ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള പരിപാടികൾ ആഘോഷപൂർവ്വം ആവിഷ്കരിക്കുന്നതിനിടയിലാണ് ശബരിമല പൂങ്കാവനത്തിനടുത്ത് മ്ലാവ് ചത്ത സംഭവമുണ്ടായത്. പ്ലാസ്റ്റിക്കാണ് മ്ലാവിന്റെ മരണത്തിന് കാരണമായിത്തീർന്നത്. ചത്ത മ്ലാവിന്റെ ശരീരത്തിൽ നിന്നും നാലര കിലോ പ്ലാസ്റ്റിക് അവശിഷ്ടങ്ങളാണ് പോസ്റ്റുമാർട്ടത്തെ തുടർന്ന് പുറത്തെടുത്തത്. അതിലേറെയും ഭക്ഷണ സാധനങ്ങൾ പൊതിഞ്ഞ പ്ലാസ്റ്റിക്കായിരുന്നു. കൂടാതെ അലൂമിനിയം ഫോയിൽ, ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ലഘുഭക്ഷണ സാധനങ്ങളുടെ പാക്കറ്റുകൾ, ബിസ്കറ്റിന്റെ പ്ലാസ്റ്റിക് കവറുകൾ, പാൻപരാഗിന്റെയും ഹാൻസിന്റെയും കവറുകൾ എന്നിവയും അക്കൂട്ടത്തിലുണ്ടായിരുന്നു. ഗ്രീൻ ശബരിമല പരിപാടിയെല്ലാം പരാജയമായിരുന്നു എന്നതിന് തെളിവാണ് ഈ സാധു മൃഗത്തിന്റെ അവസ്ഥ. തീർത്ഥാടനം തുടങ്ങിയ ദിവസങ്ങളിൽ തന്നെ പൂങ്കാവനത്ത് ചരിഞ്ഞ ആനയുടെ ശരീരത്തിൽ നിന്നും പ്ലാസ്റ്റിക് കുപ്പി കണ്ടെടുത്തിരുന്നു. ബോധവത്കരണ പരിപാടികൾക്കൾക്കൊന്നും പരിഹരിക്കാൻ കഴിയാവുന്നതല്ല ശബരിമലയുടെ അവസ്ഥ എന്നതും ഈ ദുരന്തം തുറന്നു കാണിക്കുന്നു. സീസൺ സമയത്ത് പ്രതിദിനം മൂന്നുനാലു ലക്ഷം തീർഥാടകർ ശബരിമലയിൽ എത്തുന്നുണ്ടെന്നാണു കണക്ക്; മകരവിളക്കിന് എത്തുന്നവരുടെ എണ്ണം 25 ലക്ഷത്തോളവും. ഇത്രയും ആളുകൾ വരുന്ന കാട്ടിനുള്ളിലേക്ക് എത്തുമ്പോൾ സ്വാഭാവികമായും പ്ലാസ്റ്റിക് അവശിഷ്ടങ്ങളും വലിയ തോതിൽ എത്തുമെന്ന് ഉറപ്പാണ്. കാരണം പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ഭക്ഷണ സാധനങ്ങളോ, പ്ലാസ്റ്റിക്ക് കുപ്പിയിലുള്ള കുടിവെള്ളമോ നിരോധിച്ചിട്ടുള്ള നാടല്ല ഇന്ത്യ. പല ദേശത്തു നിന്നെത്തി, പലവഴികളിലൂടെ സന്നിധാനത്തിൽ പ്രവേശിക്കുന്നവരെ പ്ലാസ്റ്റിക് കടത്തുന്നതിൽ നിന്നും തടയാനും പ്രയാസമാണ്. കാട്ടിലൂടെ നടന്നാണ് ഭക്തർ സന്നിധാനത്ത് എത്തുന്നത് എന്നതിനാൽ തന്നെ പോകുന്ന വഴികളിലെല്ലാം പ്ലാസ്റ്റിക് നിറയുന്നു. അഴുതമേട്, കരിമല, നീലിമല എന്നിങ്ങനെ ശബരിമലയിലേക്കുള്ള മൂന്ന് പ്രധാന വഴികളിലും പ്ലാസ്റ്റിക് നിറയുന്നു. ഇടുക്കിയിലെ വണ്ടിപ്പെരിയാറിൽ നിന്നും പുല്ലുമേട് വഴിയുള്ള വഴിയിലും മകരവിളക്ക് കഴിയുന്നതോടെ പ്ലാസ്റ്റിക് കൂമ്പാരങ്ങൾ പുതിയ മലകൾ തീർക്കും. ഈ പ്ലാസ്റ്റിക്കെല്ലാം പശ്ചിമഘട്ടത്തിലെ വനഭൂമിയിൽ അടിഞ്ഞുചേരുകയാണ്. പെരിയാർ, പമ്പ എന്നീ കേരളത്തിലെ രണ്ട് പ്രധാനനദികളുടെ

കൈവഴികളിലേക്ക് ഈ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴുകിയെത്തുന്നു. സൈലന്റ്‌വാലി മുതലുള്ള വനസംരക്ഷണ പ്രവർത്തനങ്ങളുടെ വലിയ പാരമ്പര്യം അവകാശപ്പെടുന്ന കേരളം ഈ ദുരന്തം കണ്ടുനിൽക്കുന്നു. പെരിയാർ കടുവാ സങ്കേതത്തിന് അഭിമുഖീകരിക്കേണ്ടി വരുന്ന ഈ ദുരന്തം കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് അപമാനമാണ്.

**പമ്പയുടെ സ്ഥിതിയെന്ത്?**

കഴിഞ്ഞ ശബരിമല തീർത്ഥാടനകാലത്ത് പമ്പാ നദിയിലെ മാലിന്യത്തിന്റെ തോത് മുമ്പൊരിക്കലും ഇല്ലാത്ത വിധം വർദ്ധിച്ചതായി മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിരുന്നു. മകരവിളക്കിന് തലേന്ന് പമ്പക്ക് പടിഞ്ഞാറ് ചെറിയാനവട്ടത്തിന് സമീപം നടത്തിയ പരിശോധനയിൽ നൂറ് മില്ലിലിറ്റർ ജലത്തിൽ 11,60,000 എം.പി.എൻ (മാക്സിമം പ്രോബബിൾ നമ്പർ) കോളിഫോം ബാക്ടീരിയ കണ്ടെത്തി. ഇതേ ദിവസംതന്നെ പമ്പയ്ക്ക് കിഴക്ക് ത്രിവേണിയിൽനിന്ന് ഉദ്ദേശം നൂറ് മീറ്റർ മാറി വാട്ടർ അഥോറിറ്റിയുടെ പമ്പിങ് സ്റ്റേഷന് സമീപം (കൊച്ചുപമ്പ) നടത്തിയ പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 10,40,000 ആയിരുന്നു. വെള്ളത്തിൽ മനുഷ്യവിസർജ്ജം കലർന്നതാണ് കോളിഫോം ബാക്ടീരിയയുടെ അളവ് ഇത്രയധികം കൂടാൻ കാരണമെന്ന് പി.സി.ബി വ്യക്തമാക്കി. സീസണിന്റെ തുടക്കമായ നവംബർ 17 ന് ത്രിവേണിക്ക് സമീപം നടത്തിയ പരിശോധനയിൽ നൂറ് മില്ലിലിറ്റർ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 190 എം.പി.എന്നും പമ്പക്ക് താഴെ നടത്തിയ പരിശോധനയിൽ 850 എൻ.പി.എന്നുമായിരുന്നു അളവ്. അപ്പോൾ സീസൺ കഴിയുമ്പോൾ കോളിഫോം ബാക്ടീരിയ കൂടുന്നു. ശബരിമല തീർത്ഥാടനം തന്നെയാണ് പുണ്യനദിയായി പറയപ്പെടുന്ന പമ്പയെ മലിനമാക്കുന്നത് എന്നതിന് ഇതിൽപ്പരം തെളിവു വേണ്ടതില്ല. ഹൈക്കോടതി നിർദേശപ്രകാരം 2006-07 മുതലാണ് മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിൽ ദിവസവും ജലപരിശോധന നടത്തിവരുന്നത്. ഓരോ വർഷം കഴിയുമ്പോഴും സീസണിൽ പമ്പയിലെ മലിനീകരണ തോത് വർദ്ധിച്ചുവരുന്നതായാണ് പി.സി.ബിയുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പമ്പയിലെ മലിനീകരണത്തിന്റെ തോത് കുറക്കാൻ ഏഴു ദശലക്ഷം മലിന ജലം (എം.എൽ.ഡി) ശുദ്ധീകരിക്കാൻ കഴിയുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പമ്പയിൽ സ്ഥാപിക്കണമെന്നാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശം. ഇപ്പോഴുള്ളതിന്റെ ശേഷി വെറും മൂന്ന് എം.എൽ.ഡി മാത്രമാണ്. ഇത്തവണ സന്നിധാനത്തെ വലിയ നടപ്പന്തലിന് കിഴക്ക് മാലിന്യ സംഭരണ ടാങ്ക് പൊട്ടി ഒഴുകുകയുണ്ടായി. ആ മാലിന്യവും ഒഴുകിയെത്തിയത് പമ്പാനദിയിലേക്കാണ്. ദേവസ്വം ബോർഡ് ആസ്ഥാനത്തിന്റെ മൂക്കിന് താഴെയാണ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാകുന്ന കക്കൂസ് മാലിന്യ ചോർച്ച സംഭവിച്ചത്. അതുപോലെ ഇത്തവണ ശബരിമല ഇടത്താവളമായ നിലയ്ക്കലിലെ മാലിന്യപ്ലാന്റിൽനിന്നുള്ള മാലിന്യങ്ങൾ പാലത്തടിയാർ തോട്ടിലേക്ക് ഒഴുക്കി ആങ്ങമൂഴിയിൽ കക്കാട്ടാറിൽ കലർന്നത് നാട്ടുകാരുടെ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു.തോട്ടിൽ പലയിടത്തും മൽസ്യങ്ങൾ ചത്തുപൊങ്ങിയിട്ടുണ്ട്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന ആങ്ങമൂഴിയിൽ കക്കാട്ടാറിലുള്ള വെള്ളത്തെ ആശ്രയിച്ചാണ് ജനങ്ങൾ കഴിയുന്നത്. ഈ വെള്ളത്തിലേക്കാണ് മാലിന്യങ്ങൾ ഒഴുകിയെത്തി കലർന്നത്. ഇങ്ങനെ കാടിനെ മാത്രമല്ല, ജലസ്രോതസ്സുകളെയും ശബരിമല തീർത്ഥാടനം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പമ്പയുടെ നാശം അതൊഴുകിയെത്തുന്ന മദ്ധ്യതിരുവിതാംകൂറിലെയും കുട്ടനാട്ടിലെയും ജനജീവിതത്തെക്കൂടിയാണ് കഷ്ടത്തിലാക്കുന്നത്.

ഇല്ല, തീർത്ഥാടക പ്രവാഹത്തെ നിയന്ത്രിക്കുന്നതിനുള്ള വഴികൾ ആലോചിക്കുകയല്ലാതെ ഒരു മാസ്റ്റർ പ്ലാനും ശബരിമലയേയോ, പെരിയാർ കടുവാ സങ്കേതത്തേയോ, പമ്പയേയോ ഇനി രക്ഷിക്കാൻ പോകുന്നില്ല. ലോകത്തിലെ എല്ലാ തീർത്ഥാടന കേന്ദ്രങ്ങളുടെയും അനുഭവം അതാണ്. ആളുകളെ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് മക്കയിൽ മരണം പതിവായിത്തീരുന്നത് നമുക്കിപ്പോൾ ഒരു വാർത്തയേയല്ല. ശബരിമലയിൽ മനുഷ്യർ മാത്രമല്ല, ജൈവസമൂഹവുമാണ് മരിച്ചുവീഴാൻ പോകുന്നത്. പുല്ലുമേട് ദുരന്തത്തെ തുടർന്ന് ഗതിയില്ലാതെ വന്നപ്പോൾ, മകരവിളക്ക് സർക്കാർ കാശുമുടക്കി കത്തിക്കുന്നതാണെന്ന് കുറച്ച് വർഷം മുമ്പ് ദേവസ്വം ബോർഡ് സമ്മതിച്ചിരുന്നു. ഈ തുറന്ന സമീപനം പമ്പയുടെയും പശ്ചിമഘട്ടത്തിന്റെയും കാര്യത്തിൽക്കൂടി ഉണ്ടാകുന്നത് നല്ലതാണ്. ഭക്തിയുടെ പേരിൽ ഇത്ര വിനാശം മനുഷ്യനും പ്രകൃതിക്കും നേരിടേണ്ടി വരുന്നത് ശാസ്ത്രീയ ചിന്തയ്ക്ക് പ്രാധാന്യം നൽകുന്ന ഭരണഘടനയുള്ള ഒരു ആധുനിക-മതേതര-ജനാധിപത്യ സമൂഹത്തിന് ആശാസ്യമല്ല. ■